# കേരളത്തിന് ഒരു പരിസ്ഥിതി വിദ്യാഭ്യാസനയം ഉണ്ടാകുമ്പോൾ

വേണു

കേരളത്തിന് പരിസ്ഥിതി വിദ്യാഭ്യാസനയം ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. കേരളവനംവകുപ്പിന്റെ കീഴിൽ, ലോകബാങ്ക് പദ്ധതിയുടെ ഭാഗമായാണ് ഈ നയരൂപീകരണത്തിനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിലും, അനൗദ്യോഗികവിദ്യാഭ്യാസമേഖലയിലും മറ്റ് തലങ്ങളിലും പരിസ്ഥിതി വിദ്യാഭ്യാസം എങ്ങനെ ഫലപ്രദമായി നടപ്പാക്കാം എന്ന് വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു. വിശദമായ ചർച്ചകൾക്കു ശേഷം വേണം നയരൂപീകരണം നടത്താൻ.

പരിസ്ഥിതി വിദ്യാഭ്യാസം ലോകമെങ്ങും ഇപ്പോൾ സജീവ വിഷയമാണ്. ബ്രസീലിലെ റിയോവിൽ 10 വർഷം മുമ്പ് നടന്ന ലോകപരിസ്ഥിതി സെമിനാറിനു ശേഷമാണ് ഈ വിഷയം കൂടുതൽ സജീവമായത്. റിയോ ഉച്ചകോടിയിൽ വികസിതരാഷ്ട്രങ്ങളും, വികസ്വരരാഷ്ട്രങ്ങളും തമ്മിൽ ഉള്ള ഉച്ചനീചത്വങ്ങൾ മറനീക്കി പുറത്തുവന്നു. എങ്കിലും, വികസ്വര രാഷ്ട്രങ്ങളെ തങ്ങളുടെ ചൊൽപ്പടിയിൽ തന്നെ നിർത്താൻ വികസിതരാഷ്ട്രങ്ങൾക്ക് കഴിഞ്ഞു എന്നാണ് ഉച്ചകോടിക്കുശേഷം പുറത്തുവന്ന തീരുമാനങ്ങൾ വ്യക്തമാക്കിയത്. പരിസ്ഥിതി വിനാശത്തിന് മുഖ്യകാരണം വികസിതരാഷ്ട്രങ്ങൾ നടത്തുന്ന വിഭവദുർവ്യയമാണെന്ന് വ്യക്തമായിരുന്നു. ഈ ദുർവ്യയത്തിന്, വികസ്വരരാഷ്ട്രങ്ങളിലെ വിഭവങ്ങളെല്ലാം കൂടി ചൂഷണം ചെയ്യാൻ വികസിത രാഷ്ട്രങ്ങൾ നടത്തുന്ന ശ്രമങ്ങൾ, അവിടങ്ങളിലെ ജനങ്ങളുടെ ജീവിതം കൂടുതൽ ദുഃസ്വപ്നവും, ദുരിതമയവും ആക്കുന്നു. പ്രകൃതി വിഭവങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ ചൂഷണം ചെയ്യുക എന്നതു മാത്രമാവുന്ന, വികസ്വരരാഷ്ട്രങ്ങൾക്കു മുന്നിലുള്ള ഏക പോംവഴി. എല്ലാ വികസ്വര രാഷ്ട്രങ്ങളിലേയും പ്രകൃതിവിഭവങ്ങൾക്കുമേൽ നിയന്ത്രണമേർപ്പെടുത്താനും, അവയെ തങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി ചൂഷണംചെയ്യാനുള്ള അവസരം ഉണ്ടാക്കാനുമാണ്. വികസിതരാജ്യങ്ങൾ ഉച്ചകോടികൾ വഴിയും, ലോകബാങ്ക്, ലോക വ്യാപാര സംഘടന തുടങ്ങിയ സംവിധാനങ്ങൾ വഴിയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി വിദ്യാഭ്യാസത്തെ ആ പശ്ചാത്തലത്തിൽത്തന്നെ വേണം സമീപിക്കാൻ.

1977ൽ പഴയ സോവിയറ്റ് യൂണിയനിൽ നടന്ന ഉച്ചകോടിയിലാണ് പരിസ്ഥിതി വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസത്തിന്റെയും തുടർവിദ്യാഭ്യാസത്തിന്റെയും ഭാഗമാക്കാൻ യുനസ്കോ തീരുമാനിച്ചത്. 1992ലെ റിയോ ഉച്ചകോടിയുടെ രേഖയിൽ, 36-ാമത് അധ്യായമായി പരിസ്ഥിതി വിദ്യാഭ്യാസം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിലെ നയങ്ങൾ റിയോ ഉച്ചകോടിയുടെ പൊതുനയങ്ങളുടെ ഭാഗമായി ഉരുത്തിരിഞ്ഞതാണ്. പരിസ്ഥിതി വിദ്യാഭ്യാസം വികസ്വരരാഷ്ട്രങ്ങളേക്കാൾ കൂടുതൽ ആവശ്യമായിവരുന്നത് വികസിതരാഷ്ട്രങ്ങളിലാണ്. ഉപഭോഗസംവിധാനത്തിൽ അധിഷ്ഠിതമായ കമ്പോളവ്യവസ്ഥയിൽ, വിഭവ നശീകരണം ഒരു തത്വദീക്ഷയും ഇല്ലാതെ നടത്തപ്പെടുന്ന എന്നതാണ് വാസ്തവം. ഈ കമ്പോളവ്യവസ്ഥതന്നെയാണ്, വികസിതരാഷ്ട്രങ്ങളിലെ രാഷ്ട്രീയത്തേയും, സമൂഹത്തേയും നിർവ്വചിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നത്.

റിയോ ഉച്ചകോടി നടന്ന് 10 വർഷമായെങ്കിലും, മിക്കവാറും വികസ്വരരാഷ്ട്രങ്ങളിൽ പരിസ്ഥിതി വിദ്യാഭ്യാസത്തിന് നയങ്ങൾ ഉണ്ടായിട്ടില്ല. ഉണ്ടാക്കിയ പല നയങ്ങളും, വികസിത രാഷ്ട്രങ്ങൾ ഉണ്ടാക്കിയ നയങ്ങൾക്ക് ചുവടു പിടിച്ചുള്ളവയാണ്. വികസ്വരരാഷ്ട്രങ്ങളിലും, വികസിതരാഷ്ട്രങ്ങളിലും, ഒരേ നയം ഉണ്ടാക്കുമ്പോൾ അതിലെ വൈരുദ്ധ്യം വളരെ സ്പഷ്ടമാണ്. ഇതിലെ രാഷ്ട്രീയവും, സാമ്പത്തികതാല്പര്യങ്ങളും വികസ്വരരാഷ്ട്രങ്ങളിലെ ജനങ്ങളുടെ താല്പര്യങ്ങൾക്ക് പ്രതിലോമപരമായിത്തീരും.

ഇന്ത്യയിൽ ഇത്തരം ഒരു നയരൂപീകരണത്തിന് ദേശീയതലത്തിൽ കാര്യമായ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. പരിസ്ഥിതി വിദ്യാഭ്യാസത്തേക്കാൾ, പ്രകൃതിവിഭവസംരക്ഷണത്തി (ബയോഡൈവേഴ്സിറ്റി സംരക്ഷിക്കൽ)നാണ് ദേശീയ തലത്തിലും, സംസ്ഥാനതലത്തിലും ഊന്നൽ. വനവിഭവവികസനത്തിനും സംരക്ഷണത്തിനുമായി ലോകബാങ്കും, മറ്റ് അന്താരാഷ്ട്ര സംഘടനകളും നല്കുന്ന വായ്പകളുമായി ബന്ധപ്പെട്ട നിബന്ധനകളാണ് പരിസ്ഥിതി വിദ്യാഭ്യാസനയരൂപീകരണം ചാർട്ടുപോലെയെങ്കിലും നിർവ്വഹിക്കാൻ സർക്കാരുകളെ പ്രേരിപ്പിക്കുന്നത്. ചാർട്ടുകൾക്കപ്പുറം നയങ്ങളിൽ എന്തെങ്കിലും താല്പര്യം സർക്കാരുകൾക്ക് ഉണ്ടാവുമോ എന്ന് സംശയവുമാണ്.

പരിസ്ഥിതിവിദ്യാഭ്യാസനയരൂപീകരണം വനംവകുപ്പിന്റെ ലോകബാങ്ക് പദ്ധതികളുടെ ഭാഗമായാണ് എന്നതുകൊണ്ട്, സൂക്ഷ്മവും സമൂലവുമായ തലങ്ങളിൽ, നയങ്ങൾ വിശകലനവിധേയമാക്കേണ്ടതുണ്ട്. വനവിദ്യാഭ്യാസവും, പരിസ്ഥിതി വിദ്യാഭ്യാസവും ഒന്നാണെന്ന മട്ടിൽ, വനംവകുപ്പ് ഇതിനെ സമീപിക്കാനും, സംരക്ഷിക്കാനുള്ള ചുമതല സ്വയം ഏറ്റെടുക്കാനും വകുപ്പ് വനവിഭവസംരക്ഷണം വനംവകുപ്പിന്റെ ചുമതലയാകയാൽ, വനവിദ്യാഭ്യാസവും നടപ്പാക്കാൻ ശ്രമിക്കുന്നത് വനംവകുപ്പാണ്. എന്നാൽ പരിസ്ഥിതി വിദ്യാഭ്യാസം വളരെ വിശാലമായ തലത്തിലാണ് രൂപീകരിക്കേണ്ടത്. അത് നടപ്പാക്കാൻ വനം വകുപ്പിനെക്കൊണ്ടുമാത്രം കഴിയുകയുമില്ല. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും, മറ്റ് മാധ്യമ പ്രചരണരംഗങ്ങളിലും പരിസ്ഥിതി വിദ്യാഭ്യാസത്തിന് ഊന്നൽ വേണം. പെട്ടെന്ന് സാമൂഹ്യ-സാമ്പത്തികനേട്ടങ്ങൾക്ക് സാധ്യതയില്ലാത്ത അറിവാണ് പരിസ്ഥിതി വിദ്യാഭ്യാസത്തിലൂടെ നാം ആർജ്ജിക്കേണ്ടത്. പക്ഷേ, ഈ അറിവ് ആയിരിക്കും, മനുഷ്യരാശിയെ ഭൂമുഖത്ത് നിലനിർത്താൻ സഹായിക്കുക.

കേരളത്തിന് ഒരു പരിസ്ഥിതി വിദ്യാഭ്യാസനയം രൂപീകരിക്കുമ്പോൾ - ഇത്തരം ശ്രമം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആദ്യമായാണ് എന്നാണറിവ്. അത് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാവും വിധമായിരിക്കണം. ദേശീയതല നിയമരൂപീകരണത്തിനും, ഇത് മാതൃകയാവണം. കേരളത്തിലെ അവസ്ഥയിൽനിന്ന് ചെറിയ വ്യത്യാസങ്ങൾ (പരിസ്ഥിതി സംരക്ഷണതലത്തിലും, വിദ്യാഭ്യാസ നിലവാരത്തിലും) മറ്റ് സംസ്ഥാനങ്ങളിലെ അവസ്ഥകൾക്കുണ്ടെങ്കിലും, ഉള്ളടക്കത്തിൽ ഈ മാതൃക സ്വീകാര്യമാക്കപ്പെടും വിധമായിരിക്കണം നയരൂപീകരണം. പരിസ്ഥിതി വിനാശത്തിന് ചുക്കാൻ പിടിക്കുന്ന വികസിതരാഷ്ട്രങ്ങളിലെ നയങ്ങളേയും, നടപടികളേയും തിരിച്ചറിയാനും പ്രതിരോധിക്കാനും കഴിയുന്ന ഉള്ളടക്കമാവണം നമ്മുടെ പരിസ്ഥിതി വിദ്യാഭ്യാസത്തിനുണ്ടാകേണ്ടത്. ഇതേക്കുറിച്ച് വിശദമായി ചർച്ച ചെയ്യാൻ പരിസ്ഥിതി സംഘടനകളും, പരിസ്ഥിതിയിൽ താല്പര്യമുള്ള വ്യക്തികളും സജീവമായി സഹകരിക്കണം. പരിസ്ഥിതിവിദ്യാഭ്യാസനയരൂപീകരണം ഏകപക്ഷീയമാവാൻ നാം അനുവദിക്കരുത്.